ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.01.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാജ്യത്തെ പരിഷ്കരണ പ്രവർത്തികൾ സ്ഥിരതയോടും ലക്ഷ്യബോധത്തോടും മുന്നോട്ട് പോകുന്നതിൻറെ തെളിവാണ് സാമ്പത്തിക സർവേയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi says, Economic Survey shows that India's fast moving 'Reform Express' is on track despite global challenges.**

2. രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 78-ാം രക്തസാക്ഷിത്വ ദിനം ഇന്ന്. രാജ്യമെമ്പാടും അനുസ്മരണ പരിപാടികൾ.

   **Today marks the 78th Martyrdom Day of Mahatma Gandhi, the Father of the Nation. Commemorative programs are being held across the country.**

3. കുഷ്ഠരോഗത്തിനെതിരെയുള്ള അവബോധവുമായി ഇന്ന് ദേശീയ കുഷ്ഠരോഗ നിർമാർജ്ജന ദിനം.

   **National Anti Leprosy Day is observed today, to raise awareness against leprosy.**

4. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തുല്യത പ്രോത്സാഹിപ്പിക്കുന്നതിനുള്ള UGC ചട്ടങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ സുപ്രീം കോടതി ഉത്തരവ്.

   **Supreme Court stays UGC's new equity regulations that aimed at promoting equality in higher educational institutions.**

5. കേരളത്തിലെ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി കരടു വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികൾ സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

As part of the Special Intensive Revision of voter's list in Kerala, today is the last day to submit complaints related to the draft voter list.

6. വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ യു പി വാരിയേഴ്സിനെതിരെ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിന് 8 വിക്കറ്റ് ജയം.

In the Women's Premier League cricket, Royal Challengers Bengaluru secured an 8-wicket victory against UP Warriors.

&&&&&&&&&&&&&&&&&&&

## PM – ECONOMIC SURVEY

പാർലമെന്റിൽ അവതരിപ്പിച്ച സാമ്പത്തിക സർവേ രാജ്യത്തെ പരിഷ്കരണ പ്രവർത്തികൾ സ്ഥിരതയോടും ലക്ഷ്യബോധത്തോടും മുന്നോട്ട് പോകുന്നതിൻറെ തെളിവാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.ആഗോള വെല്ലുവിളികൾക്കിടയിലും രാജ്യം അതിവേഗം മുന്നേറുന്നുവെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. രാജ്യത്തിൻറെ സാമ്പത്തിക അടിത്തറയുടെ ശക്തി, വളർച്ച, നവീകരണം, സമഗ്ര വികസനം എന്നിവയ്ക്കുള്ള കേന്ദ്ര സർക്കാരിൻറെ തുടർച്ചയായ ശ്രമങ്ങളും സാമ്പത്തിക സർവേ പ്രതിഫലിപ്പിക്കുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&

## CEA-ECONOMIC SURVEY (INTRO)

ഇന്ത്യയുടെ പ്രതീക്ഷിക്കുന്ന വളർച്ചാ നിരക്ക് 6.5 ശതമാനത്തിൽ നിന്ന് 7 ശതമാനമായി ഉയർന്നതായി മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് വി. അനന്ത നാഗേശ്വരൻ. 2025-2026 വർഷത്തെ സാമ്പത്തിക സർവേയെക്കുറിച്ച് ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ വർഷം ജിഡിപി വളർച്ച 7.4 ശതമാനമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ശ്രീ നാഗേശ്വരൻ വ്യക്തമാക്കി.

(വോയിസ്)

&&&&&&&&&&&&&&&&&&&

## MARTYRDOM DAY - MAHATMA GANDHI

രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 78-ാം രക്തസാക്ഷിത്വ ദിനം ഇന്ന്. മഹാത്മാഗാന്ധി അന്ത്യവിശ്രമം കൊള്ളുന്ന ന്യൂഡൽഹിയിലെ രാജ്ഘട്ടിൽ നടക്കുന്ന സർവമത പ്രാർത്ഥനയിലും, അനുസ്മരണ ചടങ്ങിലും നിരവധി പ്രമുഖർ പങ്കെടുക്കും. രക്തസാക്ഷിത്വ ദിനത്തോടനുബന്ധിച്ച് ഇന്ന് വിവിധ അനുസ്മരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. രാജ്യമെമ്പാടും ഇന്ന് രാവിലെ രണ്ട് മിനിറ്റ് മൗനം ആചരിക്കും.

&&&&&&&&&&&&&&&&&&&

## DELHI - TRAFFIC ADVISORY

രക്തസാക്ഷിത്വ ദിനത്തിൽ രാജ്ഘട്ടിൽ നടക്കുന്ന ഔദ്യോഗിക ചടങ്ങിനോടനുബന്ധിച്ചു ഡൽഹിയിലെ ചില ഭാഗങ്ങളിൽ ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. രാവിലെ 9 നും ഉച്ചയ്ക്ക് 12 നും ഇടയിൽ പ്രധാന റോഡുകളിൽ വാഹനങ്ങൾ വഴിതിരിച്ചുവിടുമെന്ന് അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&&

## NATIONAL ANTI LEPROSY DAY

ഇന്ന് ദേശീയ കുഷ്ഠരോഗ നിർമാർജ്ജന ദിനം. കുഷ്ഠരോഗത്തെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനും, നേരത്തെയുള്ള രോഗം നിർണയവും ചികിത്സയും പ്രോത്സാഹിപ്പിക്കുന്നതിനാണ് എല്ലാ വർഷവും ജനുവരി 30 ന് ദേശീയ കുഷ്ഠരോഗ നിർമാർജ്ജന ദിനമായി ആചരിക്കുന്നത്. രാജ്യമെമ്പാടും ഇതിൻറെ ഭാഗമായി ബോധവൽക്കരണ കാമ്പെയ്‌നുകൾ സംഘടിപ്പിക്കും.

&&&&&&&&&&&&&&&&&&&

## SC-UGC STAYS

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തുല്യത പ്രോത്സാഹിപ്പിക്കുന്നതിനുള്ള 2026-ലെ UGC ചട്ടങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ സുപ്രീം കോടതി ഉത്തരവ്. പ്രഥമദൃഷ്ട്യാ ചട്ടങ്ങൾ അവ്യക്തമാണെന്നും ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ടെന്നും നിരീക്ഷിച്ചാണ് നടപടി. നിയമജ്ഞർ

അടങ്ങുന്ന വിദഗ്ധ കമ്മിറ്റി ചട്ടങ്ങൾ പുനഃപരിശോധിക്കണമെന്നും കോടതി നിർദ്ദേശം നൽകി. ചട്ടങ്ങളുടെ സാധുതയെ ചോദ്യം ചെയ്യു മൂന്ന് റിട്ട് ഹർജികളിൽ കേന്ദ്രത്തിനും UGC യ്ക്കും പരമോന്നത കോടതി നോട്ടീസ് അയച്ചു.

&&&&&&&&&&&&&&&&&&&

**PM – AI**

സുതാര്യവും നിഷ്പക്ഷവും സുരക്ഷിതവുമായ നിർമിത ബുദ്ധി ആവാസവ്യവസ്ഥയ്ക്കായി, പ്രവർത്തിക്കേണ്ടത് ആവശ്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ AI മേഖലയിൽ പ്രവർത്തിക്കുന്ന സിഇഒമാരുമായും വിദഗ്ധരുമായും സംവദിക്കുകയായിരുന്നു അദ്ദേഹം. AI യുടെ ധാർമ്മിക ഉപയോഗത്തിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാകരുതെന്നും പ്രധാനമന്ത്രി പറഞ്ഞു. അടുത്ത മാസം നടക്കുന്ന ഇന്ത്യാ എഐ ഇംപാക്ട് ഉച്ചകോടിയോട് അനുബന്ധിച്ചായിരുന്നു കൂടിക്കാഴ്ച .

&&&&&&&&&&&&&&&&&&&

**PRAGATI (INTRO)**

സജീവ ഭരണത്തിനും സമയബന്ധിതമായ നടപ്പാക്കലിനും വേണ്ടിയുള്ള പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രധാന സംരംഭമാണ് പ്രഗതി. കഴിഞ്ഞ 50 യോഗങ്ങളിലും രാജ്യത്തെ വിവിധ പദ്ധതികളുടെ അവലോകനം നടന്നു. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ പ്രവർത്തനങ്ങളിലൂടെ രാജ്യത്ത് ആശാവഹമായ പുരോഗതിയാണ് കൈവരിച്ചത്.

(ഒരു റിപ്പോർട്ട്) (വോയ്സ്)

&&&&&&&&&&&&&&&&&&&

**PRAGATI (VOICE)**

കേന്ദ്ര മന്ത്രാലയങ്ങൾ, സംസ്ഥാന സർക്കാരുകൾ, എന്നിവയുമായി ചേർന്ന് ദേശീയപാതാ പദ്ധതികളുടെ ആസൂത്രണം, നടപ്പാക്കൽ, പ്രവർത്തനം തുടങ്ങിയവയാണ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ചുമതലകൾ. നിലവിൽ പന്ത്രണ്ട് ലക്ഷത്തി നാൽപത്തിയാറായിരത്തി എഴുന്നൂറ്റി അൻപത്തി ഒന്ന് (12,46,751)

കോടി രൂപയുടെ മൊത്തം നിക്ഷേപമുള്ള 964 പദ്ധതികൾ പ്രഗതിയുടെ കീഴിലുള്ള പോർട്ടലിൽ നിരീക്ഷിക്കപ്പെടുന്നുണ്ട്. ഈ പദ്ധതികളിൽ, ആകെ 3,99,431 കോടി രൂപയുടെ നിക്ഷേപമുള്ള 273 പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി നേരിട്ട് അവലോകനം ചെയ്തു. ഇതിൽ 131 പദ്ധതികൾ കമ്മീഷൻ ചെയ്തു.
നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 142 പദ്ധതികളിൽ ഗണ്യമായ പുരോഗതിയാണ് കൈവരിക്കുന്നത്.
(ന്യൂസ് ഡെസ്ക് ആകാശവാണി)

&&&&&&&&&&&&&&&&&&&

## BEATING RETREAT - 2026

77-ാമത് റിപ്പബ്ലിക്ക് ദിനാഘോഷങ്ങൾക്ക് സമാപനം കുറിച്ച് ന്യൂഡൽഹിയിലെ വിജയ് ചൗക്കിൽ ഇന്നലെ ബീറ്റിങ് റിട്രീറ്റ് നടന്നു. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി രാജ്യരക്ഷാ മന്ത്രി മറ്റ് കേന്ദ്രമന്ത്രിമാർ തുടങ്ങിയവർ പങ്കെടുത്തു. കര – നാവിക – വ്യോമ സേനയിലേയും കേന്ദ്ര പൊലീസ് സേനകളുടെ ബാൻഡ് പ്രകടനം നടന്നു.

&&&&&&&&&&&&&&&&&&&

## PM - BEATING RETREAT

ബീറ്റിംഗ് റിട്രീറ്റിൽ ബാൻഡുകളുടെ വൈവിധ്യമാർന്ന പ്രകടനം ഊർജ്ജസ്വലത നിറഞ്ഞതും നമ്മുടെ രാജ്യത്തെ സംരക്ഷിക്കുന്നവരോടുള്ള അഭിമാനത്തിന്റെ മനോഭാവമാണ് ഇതിലൂടെ പ്രകടമാകുന്നതെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. ആർമി മിലിട്ടറി ബാൻഡ് അവതരിപ്പിച്ച ഗാനങ്ങൾ മികച്ചതും അവിസ്മരണീയവുമായിരുന്നുവെന്നു പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. സമൂഹമാധ്യമത്തിലൂടെ ബീറ്റിംഗ് റിട്രീറ്റിന്റെ ദൃശ്യങ്ങളും പ്രധാനമന്ത്രി പങ്കുവെച്ചു.

&&&&&&&&&&&&&&&&&&&

## LOKA KERALA SABHA

ലോക കേരളസഭയുടെ അഞ്ചാം സമ്മേളനം നിയമസഭാ മന്ദിരത്തിലെ ആർ ശങ്കരനാരായണൻ തമ്പി ഹാളിൽ ഇന്നും

നാളെയും തുടരും. കേരളത്തെ പുരോഗതിയിലേക്ക് നയിക്കാൻ വിദഗ്ധ നിർദ്ദേശങ്ങൾ നൽകാനുള്ള വേദിയാണ് ലോക കേരള സഭയെന്ന് ഇന്നലെ നിശാഗന്ധിയിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. 128 രാജ്യങ്ങളിൽ നിന്നും 28 സംസ്ഥാനങ്ങളിൽ നിന്നുമായി 500 ലധികം പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&&

**VOTERS LIST SIR – ADN (INTRO)**

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി കരടു വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട അവകാശവാദങ്ങളും പരാതികളും സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. വോട്ടർ പട്ടികയിൽ നിന്നു പേരു നീക്കം ചെയ്യാൻ 16,007 അപേക്ഷകൾ ലഭിച്ചതായി ഏറ്റവും ഒടുവിൽ ലഭിച്ച കണക്കുകൾ വ്യക്തമാക്കുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി......** (വോയ്സ്)

കേരളം ഉൾപ്പടെ അഞ്ച് സംസ്ഥാനങ്ങളിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ 25 നിരീക്ഷകരെ നിയമിച്ചു. പശ്ചിമ ബംഗാളിൽ നിന്നുള്ള മുതിർന്ന ഉദ്യോഗസ്ഥരാണ് നിരീക്ഷകർ.

&&&&&&&&&&&&&&&&&&&

**V. SREENIVASAN – OBIT**

രാജ്യസഭാ MP യും കായിക താരവുമായ PT ഉഷയുടെ ഭർത്താവ് വി.ശ്രീനിവാസൻ നിര്യാതനായി. 63 വയസ്സ് ആയിരുന്നു. ഹൃദയ സ്തംഭനത്തെ തുടർന്ന് ഇന്ന് പുലർച്ചെ കോഴിക്കോടായിരുന്നു അന്ത്യം. മുൻ കബഡി താരമായ വി.ശ്രീനിവാസൻ സി ഐ എസ് എഫിൽ ഉദ്യോഗസ്ഥനായിരുന്നു. .

&&&&&&&&&&&&&&&&&&&

**SABARIMALA – GOLD**

ശബരിമല സ്വർണ അപഹരണ കേസിൽ പ്രതിയായ ദേവസ്വം ബോർഡ് മുൻ അംഗം കെ. പി. ശങ്കരദാസിനെ കൊല്ലം വിജിലൻസ് കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. അതേസമയം, മുൻ

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എസ്. ശ്രീകുമാറിന് കൊല്ലം വിജിലൻസ് കോടതി ജാമ്യം അനുവദിച്ചു.

&&&&&&&&&&&&&&&&&&&

**SABARIMALA VIRTUAL QUEQUE**

ശബരിമലയിൽ കുംഭ മാസ പൂജകളുടെ ഭാഗമായി ദർശനത്തിന് വിർച്വൽ ക്യൂ സ്ലോട്ട് ബുക്കിംഗ് ആരംഭിച്ചു. sabarimalaonline.org എന്ന വെബ്സൈറ്റ് വഴി ഓൺലൈൻ സ്ലോട്ട് ബുക്ക് ചെയ്യാവുന്നതാണ്.

&&&&&&&&&&&&&&&&&&&

**CRICKET - WPL**

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു യുപി വാരിയേഴ്സിനെ 8 വിക്കറ്റിന് പരാജയപ്പെടുത്തി. 144 റൺസ് വിജയലക്ഷ്യം പിന്തുടർന്ന റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു 13.1 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടക്കുകയായിരുന്നു. ഇന്ന് നടക്കുന്ന മത്സരത്തിൽ ഗുജറാത്ത് ജയൻറ്സ് മുംബൈ ഇന്ത്യൻസിനെ നേരിടും.വഡോദരയിൽ രാത്രി 7.30 നാണ് മത്സരം.

&&&&&&&&&&&&&&&&&&&

**IND-NZ - T-20 CRICKET**

ഇന്ത്യ-ന്യൂസിലാൻറ് ടി–ട്വൻറി ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാമത്തേയും അവസാനത്തേയും മത്സരം നാളെ. തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫിൽഡ് സ്റ്റേഡിയത്തിൽ രാത്രി 7 മണിക്കാണ് മത്സരം.

&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&